# വധശിക്ഷക്കെതിരെ മനുഷ്യാവകാശ മെമ്മോറിയൽ മൂവ്മെന്റ് രൂപം കൊള്ളുന്നു

വധശിക്ഷക്കെതിരെ അന്താരാഷ്ട്ര തലത്തിലുണ്ടായിട്ടുള്ള ചലനത്തോടു പ്രതികരിച്ചുകൊണ്ട് ഇന്ത്യയിലും വധശിക്ഷ ഉപേക്ഷിക്കണമെന്ന നിലപാട് കൈക്കൊള്ളാൻ കേരള നിയമസഭ തയ്യാറാകണമെന്ന് ആവശ്യപ്പെട്ട്, കേരളത്തിലെ എഴുത്തുകാരും കലാകൃത്തുക്കളും വ്യത്യസ്ത മേഖലകളിലെ ബുദ്ധിജീവികളും ജനാധിപത്യവാദികളും ഒപ്പുവെച്ച 'മനുഷ്യാവകാശ മെമ്മോറിയൽ' രൂപപ്പെടുത്താനും സർക്കാരിന് സമർപ്പിക്കാനും ആലോചിക്കുകയാണ്. വധശിക്ഷക്കെതിരെ ഇതടക്കമുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിൽ ഒരു കാമ്പേയ്ൻ കമ്മിറ്റിക്ക് രൂപം നല്കാനാം ഉദ്ദേശിക്കുന്നു. ഇതിലേക്ക് ജൂലായ് ആദ്യം ഒരു കൂടിച്ചേരൽ നടത്താമെന്ന നിർദ്ദേശമാണ് ഉള്ളത്.

ജീവിക്കാനുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള മനുഷ്യാവകാശങ്ങളോട് പ്രതിജ്ഞാബദ്ധത പ്രഖ്യാപിക്കുന്ന പ്രബുദ്ധമായ സമീപനം കൈക്കൊള്ളുന്നതിൽ രാജ്യത്തിന് നേതൃത്വം നല്കാൻ കേരളത്തിന് കഴിയണം. ഐക്യരാഷ്ട്രസഭയുടെ 1948ലെ മനുഷ്യാവകാശ പ്രഖ്യാപനം ഇന്ത്യയും അംഗീകരിച്ചിട്ടുണ്ട്. ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഭൂരിഭാഗം രാജ്യങ്ങളിലും വധശിക്ഷ നിർത്തൽ ചെയ്തിട്ടുണ്ട്. വധശിക്ഷ ഉപേക്ഷിക്കാൻ നൂറിൽപ്പരം രാജ്യങ്ങൾ മുന്നോട്ട് വന്ന സാഹചര്യത്തിലും ബുദ്ധന്റെയും, അശോകന്റെയും ഗാന്ധിയുടെയും നാട്ടിൽ, നമ്മുടെ രാജ്യത്ത്, ഈ ശിക്ഷാമുറ തുടർന്നും നിലനിൽക്കുന്നത് ക്രൂരമായ വിരോധാഭാസമാണ്._____

വധശിക്ഷ നിലനിർത്തുന്ന ചുറ്റുപാടിൽ ജനാധിപത്യ ആശയ - അനുഷ്ഠാനങ്ങളിലൂടെ ഇടപെടാനും ഹിംസാത്മകമായ ഈ ശിക്ഷാമുറ അവസാനിപ്പിക്കുകയെന്ന ലക്ഷ്യം നേടിയെടുക്കാനും പ്രാപ്തമായ ഒരു മുന്നേറ്റം രൂപപ്പെടാൻ, സ്വയം ഈ പ്രസ്ഥാനത്തിന്റെ ഭാഗമാകുന്നവർക്കിടയിൽ ആത്മാർത്ഥമായ ആശയവിനിമയത്തിന്റെ സചേതനമായ കൂട്ടായ്മ ഉണ്ടാവുകയാണ് പ്രാഥമികമായി വേണ്ടതെന്ന് കരുതുന്നു. വരേണ്യമായ ഒരു രാഷ്ട്രീയ സാമൂഹിക നൈതിക സംസ്കാരത്താൽ തിരസ്കൃതമായി തടവറകളിലെ 'മരണപ്പന്തിയിൽ' കഴിയുന്ന മനുഷ്യരുടെ ദീനമായ നിശബ്ദതയ്ക്കു പകരം നില്കുന്ന കരുത്തുള്ള ശബ്ദമായി മാറാൻ നമുക്ക് കഴിയണം.

## കത്തുകൾ – പ്രതികരണങ്ങൾ

**കേരളീയം, തൃശ്ശൂർ-21**

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കണം._____

സൗഹാർദ്ദത്തോടെ കെ. ഗോവിന്ദരാജ്, 'കൗതുകം' തോട്ടട പി.ഒ., കണ്ണൂർ - 7 ഫോൺ: 0497 822344 (പി.പി)

---

# സാമൂഹികതയെ മനസ്സിലാക്കാൻ

(Understanding the Social)

**പഠനപരിപാടി**

ഡോ. നിസ്സാർ അഹമ്മദിന്റെ പ്രഭാഷണങ്ങളും ചർച്ചയും

2001 ജൂലൈ 14,15 - 21,22 തീയതികളിൽ

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ

'സമൂഹം' എന്ന നാം വിവക്ഷിക്കുന്നത് യഥാർത്ഥത്തിൽ നിലനില്ക്കുന്ടോ എന്നത് ഒരു തർക്കവിഷയമാണ്. 'സാമൂഹിക' എന്നത് സാങ്കല്പികമായ ഒരു നിർമ്മിതി ആണെന്നും വരാം. സാമൂഹിക പ്രവർത്തകർ/പഠിതാക്കൾ എന്ന നിലയിൽ മാനുഷികബന്ധങ്ങളിലെ യാഥാർത്ഥ്യം എന്തെന്ന് നാം മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. അത്തരമൊരന്വേഷണം സാമൂഹികതയെക്കുറിച്ചുള്ള നമ്മുടെ ബോധത്തെയും ജീവിതവീക്ഷണങ്ങളേയും പെരുമാറ്റരീതികളേയുമെല്ലാം മാറ്റിത്തീർത്തേക്കാം. നീതിയുക്തമായ ഒരു ലോകക്രമം സൃഷ്ടിക്കപ്പെടുന്നതിന് ഇത്തരമൊരു ബോധപരിണാമം തന്നെയായിരിക്കും നിർണ്ണായകമായിത്തീരുക.

സാമൂഹികതയെ മനസ്സിലാക്കൽ എന്ന ഈ പരിപാടി അത്തരമൊരു കൂട്ടായ പഠനത്തിന്റെ സാധ്യതകൾ അന്വേഷിക്കുന്നതിനുള്ള ശ്രമമാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ തത്വശാസ്ത്ര അദ്ധ്യാപകനായ ഡോ. നിസാർ അഹമ്മദിന്റെ പ്രഭാഷണങ്ങൾ നാലുദിവസങ്ങളിലായി നടത്തപ്പെടുന്നു. ലഘുപ്രഭാഷണങ്ങൾ, ചർച്ച എന്ന രീതിയിലായിരിക്കും പഠനപരിപാടിയുടെ ക്രമീകരണം.

പഠനപരിപാടി 14-7-2001 ശനി രാവിലെ 11 മണിക്ക് ആരംഭിക്കും.

പങ്കാളിത്തം പ്രതീക്ഷിക്കുന്നു. ബന്ധങ്ങൾക്ക്

ശോഭ.പി.വി, കോഴിക്കോട്, ഫോൺ-401370

ഡോ.ടി.വി.മധു, ആലുവ, ഫോൺ-609164

വി.എം.ഗിരിജ, കൊച്ചി, ഫോൺ-424322

റോബിൻ തൃശ്ശൂർ-ഫോൺ-424572 (ഓഫീസ്)

ദിലീപ് കുമാർ.എം. - ഫോൺ-98472-312225

കത്തുകൾ

ഈ വിലാസത്തിൽ അയയ്ക്കുക:-

ടി.എസ്.പ്രസാദ്

സെക്രട്ടറി, ഹരിതമൈത്രി

ആദം ബസാർ

മാർക്കറ്റ് റോഡ്, അങ്കമാലി-683 572.